**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5612** **03-11-2021 - ൽ മറുപടിയ്ക്ക്**

**കോട്ടയ്ക്കൽ മണ്ഡലത്തിലെ വട്ടപ്പറമ്പ് എസ്.സി കോളനിയിലെ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയ്ക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിലെ വട്ടപ്പറമ്പ് എസ്.സി. കോളനി നിവാസികൾക്ക് മെയിൻ റോഡിൽ എത്തുവാൻ വേണ്ടി മലപ്പുറം ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കുമോ; | (എ) | കോട്ടയ്ക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിലെ വട്ടപ്പറമ്പ് എസ്.സി കോളനി നിവാസികൾക്ക് മെയിൻ റോഡിൽ എത്തുവാൻ വേണ്ടി മലപ്പുറം ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച വട്ടപ്പറമ്പ് തോട്ടിലാക്കൽ കുണ്ട് അതിർത്തിതോട് എന്ന പ്രവൃത്തിയുടെ 25%പൂർത്തിയായിട്ടുണ്ട്. മഴക്കാലത്തിന് ശേഷം പ്രവൃത്തി പുനരാരംഭിക്കുന്നതാണ്. |
| (ബി) | നഗരസഞ്ചയ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രസ്തുത പ്രവൃത്തിക്ക് കൂടുതൽ ഫണ്ട് അനുവദിക്കണമെന്ന് കാണിച്ച് പഞ്ചായത്ത് അധികൃതർ ഡി.ഡി.പി. യ്ക്ക് അയച്ച കത്തിൽ സ്വീകരിച്ച നടപടികൾ എന്തെന്ന് അറിയിക്കുമോ; | (ബി) | നഗരസഞ്ചയ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രസ്തുത പ്രവൃത്തിക്ക് കൂടുതൽ ഫണ്ട് അനുവദിക്കണമെന്ന് കാണിച്ച് പഞ്ചായത്ത് അധികൃതർ ഡി.ഡി.പി.യ്ക്ക് കത്ത് നൽകിയിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതി സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | മലപ്പുറം ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള വട്ടപ്പറമ്പ് തോട്ടിലാക്കൽ കുണ്ട് അതിർത്തി തോട് എന്ന പ്രവൃത്തി (പ്രോജക്റ്റ് നം 1093/22) അക്രിഡിറ്റഡ് ഏജൻസി വഴിയാണ് നിർവ്വഹണം നടത്തുന്നത്. നിലവിൽ തോട്ടിൽ നിറയെ വെള്ളമുള്ളതിനാൽ വെള്ളം ഇറങ്ങിയതിന് ശേഷം മാത്രമേ പ്രവൃത്തി പുനരാരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ